(ബി) എങ്കിൽ അവർ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാം;

(സി) ഇത് സംബന്ധിച്ച സർക്കാർ സമീപനം എന്താണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) ജീവനക്കാരുടെ സ്ഥലംമാറ്റവും അതോടനുബന്ധിച്ച മറ്റ് ആവശ്യങ്ങളുമാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്.

(സി) മുനിസിപ്പൽ ജീവനക്കാരുടെ സംഘടനകൾ ഉന്നയിച്ചിട്ടുള്ള വിവിധ ആവശ്യങ്ങളെക്കുറിച്ച് 27.11.1998-ൽ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

102 (604) സ്റ്റാഫ് സ്റ്റാന്റൈസേഷൻ

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ സ്റ്റാഫ് സ്റ്റാന്റൈസേഷൻ നടപടികൾ സമയബന്ധിതമായി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതു സംബന്ധിച്ച് നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നു പൂർത്തിയാക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(സി) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ സ്റ്റാഫ് സ്റ്റാന്റൈസേഷൻ നടപ്പിലാക്കിക്കഴിഞ്ഞു. കോർപ്പറേഷനുകളിലെ സ്റ്റാഫ് സ്റ്റാന്റൈസേഷൻ സംബന്ധിച്ച നടപടികൾ നടന്നുവരുന്നു.

103 (605) ഉദ്യോഗസ്ഥൻമാരെ മാറ്റി നിയമിക്കാൻ നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി 4012 ഉദ്യോഗസ്ഥൻമാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റുമെന്നുള്ള തീരുമാനം നടപ്പിലാക്കിയോ;

(ബി) എങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(സി) ലോക്കൽ ബോഡികളുമായി ബന്ധപ്പെട്ട 16 വകുപ്പുകളിൽ ഇപ്രകാരം മാറ്റി നിയമിച്ചവരുടെ എണ്ണം പ്രത്യേകം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി എത്ര ഉദ്യോഗസ്ഥൻമാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യാസം ചെയ്യാൻ കഴിയുമെന്ന് അധികാരവികേന്ദ്രീകരണ കമ്മിറ്റി തിട്ടപ്പെടുത്തിക്കൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിരിക്കുകയാണ്. സർക്കാരിന് റിപ്പോർട്ട് താമസിയാതെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പുനർവിന്യാസം സംബന്ധിച്ച വിശദാംശങ്ങൾ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷമേ അറിയാൻ സാധിക്കൂ.

(സി) ഉദിക്കുന്നില്ല.

104 (606) ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ ആശ്രിത നിയമനം

<u>ശ്രീ. എം.എ. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിതനിയമനപ്രകാരം ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ടീച്ചർ നിയമനത്തിനുവേണ്ടി 1996-ൽ അപേക്ഷ നൽകിയ രാജശ്രീയുടെ അപേക്ഷയിൻമേൽ (ഫയൽ നം:25596/ജെ2/96/എൽ.എ.ഡി.) തീരുമാനമെടുത്ത് ഉത്തരവാക്കുന്നതിൽ കാലതാമസം ഉണ്ടാകാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(ബി) രാജശ്രീ അപേക്ഷ നൽകിയതുശേഷം അപേക്ഷ നൽകിയ എത്ര പേർക്ക് ഇതിനകം എൽ.എ.ഡി. യിൽ നിയമനം നൽകിയിട്ടുണ്ട്; അവർ ആരൊക്കെയാണ്; അവർക്ക് എന്നു മുതലാണ് നിയമനം നൽകിയത് എന്നു കാണിക്കുന്ന സ്റ്റേറ്റ്മെന്റ് നിയമനം നൽകിയ ഉത്തരവും മേശപ്പുറത്ത് വയ്ക്കുമോ;

(സി) പുതുതായി ആശ്രിത നിയമനത്തിന് എന്തെല്ലാം ഭേദഗതികളാണ് വരുത്തിയതെന്ന് കാണിക്കുന്ന ഉത്തരവുകൾ മേശപ്പുറത്തു വയ്ക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീമതി രാജശ്രീക്ക് നിയമനം നൽകുന്നതിന് മുമ്പ് അപേക്ഷകയുടെ ബി.എഡ്. ഡിഗ്രി സർട്ടിഫിക്കറ്റിന്റെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. വിദ്യാഭ്യാസ ഡയറക്ടർ ബാംഗ്ലൂർ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് റിപ്പോർട്ട് നൽകുവാനുള്ളതുകൊണ്ടാണ് ഇക്കാര്യത്തിൽ ഉത്തരവാകുന്നതിന് കാലതാമസം ഉണ്ടാകാൻ കാരണം.

(ബി) 182 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. നിയമനം നൽകിയവരുടെ പേരുവിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റും നിയമന ഉത്തരവുകളുടെ പകർപ്പും ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം - 1)

(സി) ഭേദഗതി വരുത്തിയ ഉത്തരവിന്റെ (24.5.1999-ലെ ജി.ഒ.(പി)12/99/പി.ആന്റ് എ.ആർ.ഡി.) പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. അനുബന്ധം - 2)†

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly